₹ 5

Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

# Darkness under the Sun................

When Kerala State Electricity Board was constituted under Section 5 of Indian Electricity Supply Act on April 1st, 1957 we had a Generation capacity of around 108 MW; scarcity of electricity was not at all an issue then. From thereon, the need for electricity gradually grew and in the present day lifestyle, electricity is as essential as any other basic needs of the society. Though the Generation capacity addition also grew, the growth in demand has been outpacing the capacity. As on today, the generation capacity rose to around 2860 MW with a Hydro content of about 2045 MW. However, the total reservoir storage capacity remains stagnant at about 4140 MU for a long time with the result that the surplus rain we get occasionally cannot be utilized economically. Present shortage is about 500 MW in spite of getting a record 1367 MW as central share and after generating about 300 MW from costly liquid fuel based state power plants. Saving about 400 MW through Load Shedding, the balance 100 MW has been made up through high cost purchase. So the urgent need of the hour is to realize as many projects as possible that are implementable. Now around 17 projects totaling a capacity addition of 383 MW are in pipeline that can have a total yield of about 807 MU.

The question of "who are all for the projects and who are against" requires no debate; clearly KSEB supported with the responsible Ministry (irrespective of politics) is the party 'for' & the so called Green lobby is the party 'against' with their own reasons. The previous Minister was over ambitious to realize 500 MW in his tenure followed by 1000 MW in the next 10 years. Extending full support and being aware of the ground realities, we opined then that even if he can manage to achieve 60% of his

⇨

**KSEB Engineers Association**
**Office Bearers - 2011 - 12**

**ASSOCIATION**

**President**
Er. E. MOHAMMED SHEREEF

**Vice-President** (South)
Er. GEORGE MATHEW

**Vice-President** (North)
Er. K. NAGARAJA BHATT

**General Secretary**
Er. N.T.JOB

**Treasurer**
Er. K. MUKESH KUMAR

**Organising Secretaries**
Er. EDWIN CALLISTUS (S)
Er. T.B. JAGATHY (N)

**Secretaries**
Er. V. RANJIT KUMAR (HQ)
Er.K. R. RAJAN (S)
Er. A.C. ABDUL NAZAR (N)

**BENEVOLENT FUND**

**Chairman**
Er. GEORGE. V. JAMES

**Vice Chairperson**
Er. SUSAN JOSEPH

**Secretary**
Er. K.P. JEEJI FRANCIS

**Treasurer**
Er. G. SHAJ KUMAR

**Joint Secretaries**
Er. P.JAYAKRISHNAN
Er. SHEELA M. DANIEL

**EDITORIAL BOARD**

**Chief Editor**
Er. MURALI P.

**Ex. Officio Members**
Er. N.T JOB
Er. G.S. AJI KUMAR
Er. V. RANJIT KUMAR

ambitious target (300 MW), we may consider the achievement as 100% success and pointed out the urgency in strengthening of the transmission corridor also as a back up to meet eventuality. Even though the achievement has been far less than targeted, the then Board management redefined their role in realizing projects and endeavored to revive the lost enthusiasm among Engineers and employees to perform. No one asked anyone ridiculous questions like what is your salary and what is your job here etc; questions that can be answered only by road workers whose work can be quantified. Instead the management, though within the politically associated constraints, wisely tried to maintain the employee's morale high, instilled the lost confidence, listened to professional opinions of Chief Engineers without intimidation and propelled them into action. The management also ensured proper cash flow for ongoing works and good contractors started returning to Board for taking up works. As a result, many projects are under progress now and if -only if- the present management also chooses to continue with the same attitude, the crossroad at which we are in can be well passed over. Ironically, at a time when the Power Minister Sri. Aryadan Mohammed is fully supportive of maintaining a well motivated team of employees and sincerely using his good office to bring in maximum central

⇨

assistance in state power sector, the negative attitude of management under deputation and their vested attempts to showcase the Board team as ignorant and useless cannot be tolerated and allowed to continue.

We have reasons to believe that there is a concerted effort going on to derail the ongoing projects and to torpedo the Good Technical Functioning of Board systematically with vested interests and distortive designs in mind. With this aim, the Master- Slave duo successively uses financial objections to disrupt the cash flow and is mining to find grounds to stall ongoing works citing financial crisis. This harmful strategy was used in earlier occasions also with the twin idea of stalling the budgeted cash flow to show apparent improvement in Board financials as well as for pecuniary benefits from the contractors in return for the release of the money they had to commit heavily on projects, which were awarded. As a result, most of the good contractors had to abandon KSEB works.

Unfortunately, the same negative strategy is returning and many easy to finish projects like Chimonny are limping. The Chimonny Small Hydro Electric Project is having a capacity of 2.5 MW with an energy yield of 6.7 MU. Though smaller in capacity, the water availability is in summer season through irrigation release and hence additional 6.7 MUs generated means a minimum saving of Rs 6.7 Crore in power purchase per release season when the cost of merchant power ranges from 12 to 17 Rupees per unit. A portion of civil work of this project was done earlier by a previous contractor and the site remains excavated and is ready for starting the construction of power house building. Now it is learnt that a strenuous analysis of civil part (already awarded and work is progressing) got carried out by comparing the contract amount with the other awarded SHEPs in different permutations and combination to establish that the rate quoted for the building is exorbitantly high compared to the rate for other projects and put the project in a deadlock. It is not unknown that for this project, civil part consists of only building construction and the entire overhead charges associated with a contract has to be loaded on a single item of building construction, whereas for other projects that are compared, the civil part covers nearly 60% of total project cost containing too many items of civil work with good profit margin; If it is so sure that the cost is exorbitant, the civil portion should be retendered immediately rather than creating a deadlock. Further, the MNRE has sanctioned Rs. 3.1 Crore also as financial assistance based on the reported progress in the awarding of this work and requested Chief Engineer (Corporate Planning) to produce the copy of the work order for releasing the 1st installment of 25% of the sanctioned amount.

⇨

Paradoxically, the Chief Engineer who reported the progress to claim the amount is in a fix now as he is able to produce only the "penny wise-pound foolish" objections.

It is not the project implementation area alone that the financial swords are being swayed to slash down the progress. System operation function is the CPU in a modern grid connected power system with the advent of Unified Load Dispatch, Availability Based Tariff, Unscheduled Interchange Charges, Restricted Governor Mode Operation etc that call for maintaining strict grid discipline, the failure of which, will translate into immediate financial loss. Critical activities like power equipment testing, relay co ordination and protection, carrier communication, meter testing etc are vital activities under this functional sector that require technology expertise and very special test equipment that are mostly manufacturer specific like Omicron, Meggar, ABB etc and hence competitive tendering principles will have little effect in reducing price. In view of the recent accidents in power houses, two Relay and Protection Monitoring Divisions have also been formed in Generation sector. But alas! All those Divisions and Sub-Divisions are virtually remaining non functional now due to non procurement of proper test equipment as opposed by Member (Finance) citing reasons of no sense at all.

The testing wing for generation was created in view of the recent frequent accidents mostly because of the ageing of equipment which warranted regular check up of equipment and monitoring of protection system on a routine basis. If these kinds of persons are allowed to dominate in Board, it won't' be long for the entire state power sector in flames! When it comes for the core functional requirement only, such odd financial theories appear. When proposals from offices under Finance come up, no such financial logics surface. Further, with an impeding out look, the Member (F) in a D.O letter to his subordinate finance personnel in field offices, directed them to closely watch and report him directly the cases where objections raised at lower levels are overruled by the ARU heads while passing contractor's bills, an action which sent signal to the field Engineers that they are constantly under the shadow of disciplinary action if they venture to perform. Wise men take the easiest path of a non-performer, which will ensure their pension and hence each and every organ of the Board is in a crippled state now. The Distribution field engineers are in an embarrassed mood on the comment of the Chairman to the effect that the distribution transformer capacity addition that is being carried out far exceeds the requirement by pointing out the peak load demand versus the summation of capacities of total number of Distribution transformers! Now they are reluctant to install any more Distribution transformers fearing the possibility of facing disciplinary action. (*hereafter don't we need*

⇨

*any RGGVYand R-APDRP fund??? Get lost with the HT/LT ratio?*)

The Member (Finance) who is virtually acting as Member (Opposition) in the core functional areas of KSEB proved to be a big Zero in the function for which he is hired expensively. The Supply Chain is practically broken and material procurement is in shambles and day-to-day work in the orphaned Distribution sector is practically held up. Even the Minister expressed his concern over this development in the recent review meeting in which the soft spoken Chief Engineer (SCM) is made to take the brunt. The most sensitive Commerce & Tariff is being handled irresponsibly and the engagement with Regulatory Commission is a total failure. The Member (F) who is responsible to represent KSEB during all public hearings conspicuously made his absence when it comes on matters of consequential public repercussion and financial implication. When the petition to extend power restriction to LT consumers was taken up for hearing on April 25th, he chose not to attend the hearing leaving the recently posted Chief Engineer, who is quite new and unfamiliar of Commission proceedings, to represent the Board. In the subsequent order, the Commission pointed out that during April-May 2010 when 10 % restriction was imposed, domestic consumers were allowed to consume 300 units per month at normal tariff and observed that Board has attempted mere compliance of the directions without properly analyzing the impact on consumers by merely requesting to reduce the ceiling to 150 units per month in the petition. He conveniently skulked on being aware of the fact that he is not professionally competent to address the queries effectively which became evident by the fact that he failed to seek even a clarification from Commission whether the Board is bound to replace the Assets that are disallowed to claim depreciation in the ARR at a time when the Assets so created are fully depreciated and scrapped in future.

All the efforts of the iconic Sun Sri Aryaden Mohammed to illuminate the State are getting eclipsed by such an untimely "rahu-kethu" formation. The million dollar question now we want to ask is should the consumer be made to bear of cost of shouldering such Machiavellians as Dictators of an important sector and allow to deteriorate when proven & competent Professionals are available in the Open Market hailing from successful power sector undertakings like PGCIL, NTPC etc having impeccable track record in project execution. We will have to expedite project execution quickly or else have to perish. We sincerely request the Hon'ble Minister to ACT urgently to find and entrust development oriented professionals as Captains of this organisation or else many a Panniars will recur!

# പ്രമോഷനുകൾ വൈകുന്നതിൽ എഞ്ചിനീയർമാരിൽ അമർഷമേറുന്നു.

Er.N.T.Job,
General Secretary

സർവീസിൽ കയറി പതിനാറു വർഷമായി ഒരുപ്രമോഷൻപോലും ലഭിക്കാത്തഅസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുന്നിലേക്ക് ബോർഡിന്റെ നഷ്ടക്കണക്കുകൾ നിരത്തി വർത്തമാനം പറഞ്ഞിട്ടെന്തു കാര്യം. ഇവിടെ നാനൂറ്റി അമ്പതു തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടേതാക്കിയ ചരിത്രമുള്ളപ്പോൾ കുറച്ചു തസ്തികകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിയർമാരുടേതാക്കാനുള്ള നിർദ്ദേശം സർക്കാരിലേക്കയച്ച ബോർഡ് മാനേജുമെന്റ് തന്നെ അതിനെ തള്ളിപ്പറഞ്ഞു കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഒരു തരത്തിലും പ്രമോഷൻ നൽകില്ലെന്ന് വാശിപിടിക്കുന്നവരുടെ ധാർഷ്ട്യത്തെ എന്താണ് വിളിക്കുക, അതിൽ ചില സംഘടനാ നേതാക്കളും അണിചേരുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർമാർ അണ്ണാഹസാരെമാരല്ല മാവോയിസ്റ്റുകളായാണ് മാറുക.

എഞ്ചിനീയർമാരുടെ പ്രമോഷനുകൾ വരുമ്പോഴുണ്ടാകുന്ന തടസങ്ങളും എഞ്ചിനീയർമാരെ രോഷം കൊള്ളിക്കുന്നുണ്ട്. നവംബറിൽ വിരമിച്ച ഒഴിവുകളിലേക്കുള്ള പ്രമോഷനുകൾ പോലും നടക്കാതെ പിറവവും നെയ്യാറ്റിൻകരയും കടന്ന് അടുത്ത തിരഞ്ഞെടുപ്പുകളിലേക്ക് നീളുമ്പോൾ ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടേതല്ലാത്ത തസ്തികകളിലേക്കുള്ള പ്രമോഷനുകൾ കൃത്യമായി ഇറക്കുകയും ചെയ്ത് വിഭജിച്ച് ഭരിക്കുകയെന്ന ബ്രിട്ടീഷ് നയം നടപ്പിലാക്കുന്നു.

നയപരമായ തീരുമാനത്തിന്റെയും ധനകാര്യ മാനേജുമെന്റിന്റെ പാളിച്ച കൊണ്ടുണ്ടാകുന്ന കോടികളുടെ നഷ്ടത്തിന് ബോർഡിന്റെ തലപ്പത്തുള്ള ആരേയും കുരിശിലേറ്റിയ ചരിത്രം നമ്മൾ കേട്ടിട്ടില്ല. കഴിഞ്ഞ വർഷം രണ്ടായിരത്തിയിരുനൂറുകോടി രൂപയുടെയും ഈ വർഷം മൂവായിരം കോടിയുടെയും നഷ്ടത്തിന്റെ കണക്കുമായാണ് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ മുന്നിൽ നിൽക്കുന്നത്. ഇത്തരം നഷ്ടങ്ങൾക്ക് കാരണമായ നയപരമായ തീരുമാനങ്ങളെടുത്തവരെല്ലാം കാഴ്ചക്കാരായി നിൽക്കുകയും താഴെയുള്ള എഞ്ചിനീയർമാരുടെ തലത്തിലെടുക്കുന്ന ഏതെങ്കിലും തീരുമാനങ്ങൾ കൊണ്ടുണ്ടാകുന്ന അലോസരങ്ങൾക്ക് അവരെ ക്രൂശിക്കുകയും ചെയ്യുന്ന വിചിത്രമായ കാഴ്ചയാണ് നമ്മളിവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ആയിരകണക്കിനു കോടിയുടെ നഷ്ടമുണ്ടാക്കിയവർക്കെതിരെ ഒരു ചെറുവിരൽപ്പോലും അനക്കാത്ത ബോർഡ് മാനേജ്മെന്റ് താഴെക്കിടയിലുള്ളവരെ കൃത്യമായി പാഠം പഠിപ്പിക്കുമ്പോൾ അതിനെ നമ്മൾ എന്താണ് വിളിക്കേണ്ടത്.

എഞ്ചിനീയർമാർക്കെതിരെ ഇത്തരം നാടകങ്ങൾ അരങ്ങേറുമ്പോൾ ചിലർക്ക് സന്തോഷാശ്രുക്കൾ പൊഴിയുന്നുണ്ടാവും. അവരോട് ഒന്നേ പറയാനുള്ളൂ. കാത്തിരുന്നു കൊള്ളുക താങ്കളുടെ ഊഴവും അധികം വൈകില്ല.

കഴിഞ്ഞ വർഷങ്ങളിൽ കായംകുളത്തു നിന്നും യഥേഷ്ടം വൈദ്യുതി വാങ്ങി വൈദ്യുതി പ്രതിസന്ധി ആരെയും അറിയിക്കാതെ കടന്നുപോകാൻ സഹായിച്ച ധനകാര്യ

⇨

മാനേജ്മെന്റിന് ഈ വർഷം വൈദ്യുതി വാങ്ങുവാൻ പണമില്ലെന്ന സത്യം മനസിലായി. കഴിഞ്ഞ വർഷവും ഈ വർഷവും രണ്ടുതരത്തിലുള്ള മാനേജ്മെന്റ് രീതികൾ നടപ്പിലാക്കി ഒരേ ആൾക്കാർക്ക് വേറിട്ട മനുഷ്യരാവാൻ കഴിയുന്നത് അതഭുതം തന്നെ.

സബ്സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നവരുടെ അധികാരപരിധി സബ്സ്റ്റേഷന്റെ മതിൽകെട്ടിനകത്തു തീരുന്നു. അവർക്കാർക്കും വിതരണ മേഖലയിലെ കാര്യങ്ങളിൽ ഇടപെടാൻ അധികാരമില്ല. അതിനപ്പുറത്തേക്ക് ആരും തന്നെ ഇടപെടാറുമില്ല. എന്നാൽ ചിലർ അവരുടെ അധികാര പരിധിയ്ക്കു പുറത്തു കടന്ന് കാര്യങ്ങൾ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നത് അലോസരമുണ്ടാക്കുന്നുണ്ട്. അത് അത്തരക്കാർ ശ്രദ്ധിച്ചാൽ അവർക്കു നല്ലത്. സാങ്കേതികമായ കാര്യങ്ങളിൽ അതല്ലാത്തവർ ഇടപെട്ട് കുളമാക്കുമ്പോൾ നഷ്ടം ബോർഡിനാണെന്നെങ്കിലും ഓർക്കുന്നത് നന്നായിരിക്കും.

**ജനറൽബോഡി**

നമ്മുടെ സംഘടനയുടെ അമ്പത്തൊമ്പതാമത് ജനറൽ ബോഡി കോട്ടയത്തുവെച്ച് മെയ് ആറിന് നടക്കുകയാണ്. നേരോടെയും നെറിവോടെയും മുന്നോട്ടു പോകുന്ന നമ്മുടെ സംഘടനയെ തകർക്കാമെന്ന് വ്യാമോഹിച്ചവരുടെയെല്ലാം മുമ്പിൽ നട്ടെല്ലോടെ നിവർന്നു നിന്നുകൊണ്ട് സമ്മേളനം നടക്കുകയാണ്. സംഘടനയുടെ വളർച്ചയെ സഹായിച്ച ഓരോരുത്തരെയും ഓർത്തുകൊള്ളുന്നു.

**ഫെബ്രുവരി 28 നല്കിയ പാഠം**

എൺപതിൽ നിന്നും തൊണ്ണൂറിലേക്ക് കാൽ നീട്ടിയിരിക്കുന്നവർക്ക് കിട്ടിയ അടിയായിരുന്നു ഫെബ്രുവരി 28ലെ കണക്ക്. അന്നത്തെ പണിമുടക്കു ദിവസം വൈദ്യുതി ബോർഡിലെ മുപ്പത്തിനാലു ശതമാനം ആഫീസർമാർ ജോലിക്ക് ഹാജരായി എന്നത് ചിലർക്ക് ഷോക്ക് ആയിരുന്നു. എഴുപതുകളിൽ നിന്ന് തൊണ്ണൂറുകളിലേക്കല്ല മറിച്ച് താഴോട്ടാണ് പ്രയാണം എന്ന് ചിലർ തിരിച്ചറിഞ്ഞു. ആ പണിമുടക്കിൽ എഞ്ചിനീയേർസ് അസോസിയേഷൻ പങ്കെടുക്കുന്നില്ലെന്ന് നേരത്തെ തന്നെ പ്രഖ്യാപിച്ചിരുന്നു. പണിമുടക്കിയവരാകെ അറുപത്തിആറു ശതമാനമാവുമ്പോൾ സംഘടനകളെല്ലാം കൂടി പങ്കുവെയ്ക്കുമ്പോൾ ഓരോരുത്തരും എവിടെ നില്ക്കുന്നുവെന്ന് വ്യക്തമാകും. ഈ തിരിച്ചറിവിന്റെ ഭാഗമായാണ് ഉള്ളവരെ നഷ്ടപ്പെടാതിരിക്കാൻ കാമ്പയിൻ എന്ന തടയണ കെട്ടുവാൻ നാടെങ്ങും ഓടി നടക്കുന്നത്.

പണിമുടക്കുദിവസം ഹാജരാവത്തവർക്ക് പണിമുടക്കിൽ പങ്കെടുക്കുവാനാഗ്രഹിച്ചില്ലെന്ന് എഴുതി കൊടുത്താൽ ലീവ് അനുവദിക്കുമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ ലീവാക്കിയവരുടെ കണക്ക് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമ്പോൾ പണിമുടക്കിന്റെ തലതൊട്ടപ്പന്മാർവരെ പണിമുടക്കിനാഗ്രഹിച്ചിരുന്നില്ലെന്നെഴുതി കൊടുത്തതിന്റെ ചിത്രം വെളിച്ചത്തു വരും.

## Congratulation



Er.B.Nina, Deputy Chief Engineer, Commercial & Tariff have been nominated as Sr. Vice President in Executive Committee of All India Electricity Sports Control Board for the year 2012 & 2013

# ALL INDIA POWER ENGINEERS FEDERATION

**No. 07/AIPEF/Professional Management** **Dated : 16.04.2012**

**To**

Hon'ble Prime Minister
Govt. of India
New Delhi.

**Sub : Failure in capacity addition target and appointment of Professional Management in Power Sector.**

**Respected Sir,**

AIPEF requested you time and again to appoint professional management with experienced Power Engineers as Secretary Power in GOI and in states along with chairman/CMD of Power utilities in centre and states to achieve the goal of your Govt "Power to All by 2012". You would kindly agree that with utter failure to achieve the capacity addition target (revised to 62000 mw), now the dream of Power to all by 2012 has proved as a day dream with IAS Bureaucrats at the helm of affairs in Power sector both in central and states.

2. For $11^{th}$ five year plan original target of generation capacity addition was 78577 MW which was later on reduced to 62000 MW, but at the end of $11^{th}$ five year plan the reality is that we could add only 54000MW new capacity. Eyeing this failure now capacity addition target for $12^{th}$ five year plan has been set as 76000 MW. No one knows that with bureaucratic approach in highly technical power sector, $12^{th}$ plan target may also get revised and reduced like $11^{th}$ plan and it may also meet the same fate. MOP has set a target of generating 9,20,000 MU of electricity in year 2012-13. How it would be achieved is a matter of concern.

3. Expediting Capacity addition and reducing AT&C losses in the Power Sector involves challenging task which can not be handled by IAS bureaucrats who are generalists. If GOI and state Govt's are really serious to overcome the growing shortage of Power, then the role of Power secretary and Chairman/CMD of Power utilities is very critical. Only experienced Power Engineers at the helm of affairs would entail faster decision making which is requirement of the time in Power sector. GOI and most of the states

are following adhocism by appointing middle level and very junior level IAS officers as Power secretary & CMD/MD of Power utilities. These IAS officers are enjoying all powers without any responsibility as they pass their time in power department and get transferred before facing the outcome of their deeds.

4. Sir! This approach requires change if country wants to achieve power Sector targets, GOI and state govts have to show the sense of urgency in this matter so that Power Sector of the country is managed in professional manner like other developing and developed countries of the world. Even in our country all Nav Ratna and Maha Nava Ratna companies of Public Sector are headed by professionals and these companies are successfully competing globally then why Power Sector is left at the mercy of bureaucrats. Electricity is a highly technical and complex matter which can not be understood by generalist IAS officers

Hope for early action and direction from your good offices.

Thanking you with regards.

Yours faithfully,

**Sd/-**

**(Shailendra Dubey)**

**Secretary General**

CC.

1. Power Minister, GOI, New Delhi.
2. State Power Minister, GOI, New Delhi.
3. Chief Minister- All States.

## CANCER CARE FOR LIFE(CCL)

Dear All

Application form for CCL has been uploaded in the website. All Silver Scheme members are kindly requested to handover the duly filled application (in original) to the Unit Secretary, on or before 30/04/2012.

Unit Secretaries shall send the duly filled application with list of members to Er. Sheel M. Daneil, Jt. Secretary (South), immediately. Registration of CCL will be done on 3rd May 2012. Fee for registration Rs.500/-per member will be contributed from Ben. Fund. The matter may kindly be treated as most urgent.

Chairman

KSEB EA Ben/Fund

# എഞ്ചിനീയേഴ്സ് അസ്സോസിയേഷനെ അടുത്തറിയുക

ഇ.എം.നസീർ
റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനീയർ

15.2.2012ൽ എഞ്ചിനീയേർസ് അസ്സോസിയേഷന്റെ തിരുവനന്തപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ടെക്നിക്കൽ സെമിനാർ മുടക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുകയും സെമിനാറിന് വേദി അനുവദിച്ചവർ തന്നെ സെമിനാർ തുടങ്ങുന്നതിന് തൊട്ടുമുമ്പ് അനുവാദം പിൻവലിക്കുകയും സംഘാടകരെ മുൾമുനയിൽ നിറുത്തുകയും ഒടുവിൽ അനുരഞ്ജ്ജനത്തിനു ശേഷം വേദി വിട്ടു തരുകയും ചെയ്ത ഒരു സംഭവമുണ്ടായി. എഞ്ചിനീയേർസ് അസ്സോസിയേഷൻ ഒരു രാഷ്ട്രീയ സംഘടനയാണെന്ന് ചില കുബുദ്ധികൾ (രാഷ്ട്രീയമുള്ള സർവ്വീസ് സംഘടനകളെ സ്വമനഃസാക്ഷി കൊണ്ട് രഹസ്യമായി എതിർക്കുന്നവർ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയെ തെറ്റിദ്ധരിപ്പിച്ചതാണ് ആ സ്ഥാപനത്തിന്റേതായ വേദി നൽകുന്നതിന് തടസ്സമായത്. ഇത്തരം ചതിപ്രയോഗങ്ങൾ എഞ്ചിനീയേർസ് അസ്സോസിയേഷന് പുത്തരിയൊന്നുമല്ല. ഇതിനെ ഒരു രാഷ്ട്രീയപാർട്ടിയുടെ കളിപ്പാട്ടമാക്കാൻ ഒരും ശ്രമം നടന്നിട്ടുള്ളതാണ്. ശ്രീ.റ്റി.എസ്. പത്മനാഭന്റെ സമയോചിതവും ദീർഘ വീക്ഷണത്തോടും ബുദ്ധിപൂർവ്വവുമുള്ള ഇടപെടൽ ഒന്നുകൊണ്ടു മാത്രമാണ് ചിലരുടെ അന്നത്തെ കള്ളക്കളികൾ നടക്കാതെ പോയത്.

സംസ്ഥാനത്തെ ഏറ്റവും പഴക്കമുള്ള സർവ്വീസ് സംഘടനയാണ് കെ.എസ്.ഇ.ബി എഞ്ചിനീയേർസ് അസോസിയേഷൻ . ഇതിലെ അംഗങ്ങളുടെ രാഷ്ട്രീയം സംഘടന അന്വേഷിക്കാറില്ല. അതുപോലെതന്നെ സംഘടനയ്ക്ക് രാഷ്ട്രീയവും ഇല്ല. ജനാധിപത്യ വ്യവസ്ഥയനുസരിച്ച് ജനങ്ങൾ തെരെഞ്ഞെടുക്കുന്ന സർക്കാരുകളെ കൊടിയുടെ നിറം മാറുന്നതനുസരിച്ച് എതിർക്കുകയോ അനുകൂലിക്കുകയോ ആണ് പല സംഘടനകളും, മാന്യതയില്ലാത്ത കാര്യമാണെങ്കിലും, ചെയ്തു വരുന്നത്. അതേ സമയം, എഞ്ചീനീയേർസ് അസ്സോസിയേഷൻ മാത്രം ഇക്കാര്യത്തിൽ വേറിട്ടു നിന്നുകൊണ്ട് ജനാധിപത്യ മര്യാദകൾ പാലിച്ചുവരുന്നു. എന്നാൽ അധികൃതരുടെ തെറ്റായ നയങ്ങളെയും നടപടികളെയും സൃഷ്ടി പരമായി വിമർശിക്കാൻ മടിച്ചിട്ടുമില്ല. അന്തസ്സിനു നിരക്കാത്ത ഒരു നടപടിയും നമ്മുടെ സംഘടനയിൽ നിന്നിതേവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടു തന്നെയാണ് ഈ സംഘടനയ്ക്കിത്രയധികം ആയസ്സുണ്ടായതും ഇതിനോട് അസൂയുണ്ടാകുന്നതും.ഒരിക്കൽ പറയുന്നത് പിന്നീട് മാറ്റിപ്പറയുകയും വിഴുങ്ങുകയുമൊക്കെ ചെയ്യുന്നത് എഞ്ചീനീയേർസ് അസ്സോസിയേഷന് ഒരിക്കലും വഴങ്ങുന്ന ശൈലിയല്ല.

വളരെയധികം പുരോഗമനാശയങ്ങൾക്ക് രൂപം കൊടുത്ത് ജന്മം നൽകിയ പ്രസ്ഥാനമാണ് എഞ്ചീനീയേർസ് അസ്സോസിയേഷൻ. മഹാഭാരതത്തെപ്പറ്റി വ്യാസൻ പറഞ്ഞിട്ടുള്ളത് മഹാഭാരതത്തിലുള്ള കാര്യങ്ങൾ പലയിടത്തും കാണാനായേക്കുമെങ്കിലും അതിലില്ലാത്ത ഒരു കാര്യവും ഒരിടത്തും കാണാനാകില്ലെന്നാണ്. അതുപോലെ തന്നെയാണ് എഞ്ചിനീയേർസ് അസോസിയേഷന്റെ കാര്യത്തിലും. അംഗങ്ങളുടെയും സമൂഹത്തിന്റെയും നന്മ ലക്ഷ്യമാക്കി നിരവധി കാര്യങ്ങൾക്ക് തുടക്കം കുറിച്ചു. ഇവ മറ്റു പലസംഘടനകളും അനുകരിച്ചുവരുന്നുണ്ട്.

വൈദ്യുതി ബോർഡിലെ എഞ്ചിനീയർമാരുടെ വിജ്ഞാന വികസനത്തിനായി 'ഹൈഡൽ'എന്ന ജേർണൽ; ബോർഡിൽ നിന്നുള്ള വിജ്ഞാപനങ്ങളും അംഗങ്ങളുടെ സൃഷ്ടികളും സംഘടനയുടെ പ്രവർത്തന വിവരങ്ങളും അടങ്ങുന്ന 'ഹൈഡൽ ബുള്ളറ്റ്','പവർ സീൻ'; വിവിധ വിഷയങ്ങളിലുള്ള 'കോഡ്സ് ആന്റ് പ്രൊസിഡ്യൂർസ്'; 'ടെലഫോൺ ഡയറക്ടറി','ഡയറി' തുടങ്ങിയവ ഈ സംഘടനയുടെ സംഭാവനകളാണ്.

അംഗങ്ങളിലാരെങ്കിലും മരണപ്പെട്ടാൽ ഒരപേക്ഷയുടെപോലും ആവശ്യമില്ലാതെ സന്തപ്ത കുടുംബത്തിന് ഒട്ടും വൈകാതെ സാമ്പത്തികാശ്വാസമെത്തിക്കുന്ന 'ബെനവലന്റ് ഫണ്ട്'എന്ന ഉദാരമായ ക്ഷേമ പദ്ധതിക്ക് തുടക്കം കുറിച്ചതും എഞ്ചിനീയേർസ് അസോസിയേഷനാണ്. അംഗങ്ങൾക്കു വേണ്ടി കമ്പ്യൂട്ടർ ട്രെയിനിംഗ്, സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കൽ, വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം പുലർത്തുന്ന അംഗങ്ങളുടെ മക്കളെ ആദരിക്കൽ, കുടുംബ സംഗമങ്ങൾ സംഘടിപ്പിക്കൽ, വിനോദയാത്രകൾ തുടങ്ങിയവയും നടന്നുവരുന്നു. പൊതുജന സമ്പർക്കം ലക്ഷ്യമാക്കിയുള്ള മുഖാ മുഖം പരിപാടി സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട വരുടെ വീടുകൾ സംഘടനയുടെ ചിലവിൽ വൈദ്യുതീകരിക്കൽ തുടങ്ങിയ പരിപാടികൾക്കും തുടക്കമിട്ടത് നമ്മുടെ സംഘടനയാണ്.

ആർക്കും ഒരു തരത്തിലും ദോഷകരമല്ലാത്തതും,അംഗങ്ങൾക്കൊന്നടങ്കം ഗുണകരവും, സമൂഹത്തിനും അഭ്യസ്ഥ വിദ്യരായ തൊഴിൽ രഹിതർക്കും പ്രയോജനകരവുമായ വിദേശ ജോലിക്ക് അവധി അനുവദിക്കുന്ന നിയമത്തിനെ ചില സംഘടനകൾ സ്വന്തം അംഗങ്ങളുടെ നന്മയേപ്പോലും മറന്നുകൊണ്ട് തുരങ്കം വച്ച് അട്ടിമറിച്ചപ്പോൾ അതിനെതിരെ പ്രതികരിച്ച ഏക സംഘടനയും എഞ്ചിനീയേർസ് അസോസിയേഷനാണ്.

അംഗങ്ങൾക്ക് ഒരു ഭയവുമില്ലാതെ നേതൃത്വത്തോട് എപ്പോഴും എന്തഭിപ്രായവും തുറന്നു പറയാനും വിമർശിക്കാനും സ്വാതന്ത്ര്യമുള്ള സംഘടനയും എഞ്ചിനീ യേർസ് അസോസിയേഷൻ തന്നെ. എഞ്ചിനീ യേർസ് അസോസിയേഷനിൽ സ്വേച്ഛാധിപത്യമില്ല. അംഗങ്ങൾ ആരുടെയും അടിമകളു മല്ല, അംഗങ്ങൾക്ക് ആരോടും വിധേയത്വം കാട്ടേണ്ട കാര്യവുമില്ല. എഞ്ചിനീയേർസ് അസോസിയേഷനിലെ അംഗത്വം എന്നും ഏവർക്കും അഭിമാനത്തിനുള്ള വക കൂടിയാണ്. ഈ സംഘടനയുടെ മഹത്വങ്ങൾ സഹിക്കാത്തവർക്ക് എതിർപ്പുണ്ടാവുന്നത് സ്വാഭാവികം മാത്രം.

✵

## OBITUARY



**Er.S.Peer Mohammed** 1st General Secretary of the Association during the year 1954-55 expired on 4-4-2012 at his residence at Jawahar Nagar, Thiruvananthapuram. He was 95 years. He was the former Managing Director of ALIND, former Chairman and Managing director of KSIDC and also he served as Director Member of Hintusthan Latex, Kerala Minerals and Metals Ltd, Kerala Forest Industries, Aluva, Travencore Cochin Chemicals Contrust Limited, Keltron , Cutex etc.

The Association expresses its deep condolence to his bereaved family.

# വിശ്വരൂപദർശനം

Er.U.S.Ravindran,
EE (Retd)

**മോ**ന്റെ കാർട്ടൂൺ കാണലും ഭാര്യയുടെ സീരിയൽ കാണലും കഴിഞ്ഞ് അർജ്ജുനൻ വക്കീലിന് TV കിട്ടുമ്പോൾ രാത്രി ഒമ്പതര മണിയാകും. ഒമ്പതരക്ക് ദൂരദർശനിൽ സ്വാമി സന്ദീപ് ചൈതന്യയുടെ ശ്രീമദ്ഭഗവദ് ഗീതാ വ്യാഖ്യാനമുണ്ട്. അര മണിക്കൂർനേരം അതും കേട്ട് ഓം ശാന്തി ശാന്തിയും പറഞ്ഞ് ഉറങ്ങാൻ കിടന്നാൽ സുഖമായി ഉറങ്ങാം. പത്താമദ്ധ്യായമായ വിഭൂതിയോഗവും കഴിഞ്ഞ് പതിനൊന്നാം അദ്ധ്യായമായ വിശ്വരൂപ ദർശന മാണ് ഇപ്പോൾ വ്യാഖ്യാനിച്ചു കൊണ്ടിരിക്കുന്നത്. ഭൗതിക ലോകത്താ യാലും ആദ്ധ്യാത്മിക ലോകത്തായാലും ശക്തിയും സൗന്ദര്യവും പ്രദർശിപ്പിക്കുന്ന എല്ലാ അത്ഭുത പ്രതിഭാസ ങ്ങളും ഭഗവാന്റെ ദിവ്യശക്തിയുടെ വിഭാഗിക ആവിഷ്ക്കാര ങ്ങൾ മാത്രമാണ് എന്ന് പത്താമ ദ്ധ്യായത്തിന്റെ സംഗ്രഹം പറഞ്ഞു കൊണ്ട് പതിനൊന്നാമദ്ധ്യായത്തിലേക്ക് കടന്നിരുന്നു. അർജ്ജുനന്റെ ആഗ്രഹപ്രകാരം ഭഗവാൻ തന്റെ വിശ്വരൂപം കാണിച്ചു കൊടുക്കുന്നതാണ് പതിനൊന്നാം അദ്ധ്യായം. സൃഷ്ടിക്കും സ്ഥിതിക്കും അതുപോലെ സംഹാരത്തിനും കാരണം ഭഗവാൻ തന്നെയാണെന്ന് കാണിച്ചു കൊടുക്കുന്നു. ഭഗവാന്റെ വിവിധ രൂപങ്ങൾ കണ്ട് ആശ്ചര്യപ്പെടുകയും സംഹാര രൂപങ്ങൾ കണ്ട് ഭയചകിതനാകുകയും ചെയ്യുന്നു അർജ്ജുനൻ. തൻമയത്വത്തോടെ സ്വാമി വിവരിക്കുമ്പോൾ സമയം പോകുന്നതറിയുന്നില്ല. പത്തുമണി. നാളെ ഞായറാഴ്ചയാണ്. നേരം വൈകി എഴുന്നേറ്റാലും കുഴപ്പമില്ലല്ലോയെന്നോർത്തപ്പോഴാണ് ചാനലുകൾ മാറ്റി നോക്കാം എന്ന് വിചാരിച്ചത്. HBO ചാനൽ എത്തിയപ്പോൾ പെട്ടെന്ന് നിർത്തി. പണ്ട് കണ്ട Casandra Bridge എന്ന സിനിമയാണ് കാണിച്ചു കൊണ്ടിരിക്കുന്നത്. അന്നത്തെ ഹരമായിരുന്ന ഇറ്റാലിയൻ നടി സോഫിയ ലോറൻ അഭിനയിച്ച ആദ്യന്തം ഉദ്വേഗജന കമായ ചിത്രം. സിനിമയുടെ കഥ ഇതാണ്- ഒരു റിസർച്ച് ലബോറട്ടറിയിൽ നിന്നും പ്ലേഗിന്റെ അണുക്കൾ അടങ്ങിയ കുപ്പി രണ്ടുപേർ ചേർന്ന് മോഷ്ടിക്കുന്നു. വിവര മറിഞ്ഞ് പിൻ തുടരുന്ന പോലീസിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഓടുന്നതിനിടയിൽ റെയിൽവേ സ്റ്റേഷനിലെ ഒരു തീവണ്ടിയിൽ അവർ കയറുന്നു. ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയിൽ ഓരോരുത്തർക്കായി പ്ലേഗ് ബാധിക്കുന്നു. പ്ലേഗ് പടരാതിരിക്കാൻ ട്രെയിൻ ഒരു സ്ഥലത്തും നിറുത്തരുതെന്നും ട്രെയിനിൽ നിന്നും ആരെങ്കിലും രക്ഷപ്പെടാൻ ശ്രമിച്ചാൽ അവരെ വെടിവച്ച് കൊന്ന് കുഴിച്ചു മൂടണമെന്നും ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിക്കുന്നു. പഴയതായി ഉപേക്ഷിക്കപ്പെട്ട Casandra Bridge ലേക്ക് ട്രെയിൻ തിരിച്ചു വിടാൻ നിർദ്ദേശം നൽകുന്നു. എല്ലാ സ്റ്റേഷനുകളിലും ആയുധധാരികളായ പോലീസുകാരെ വ്യന്യസിക്കുന്നു. രക്ഷപെടുന്നവരെ പോലീസ് വെടിവച്ച് കൊന്ന് കുഴിച്ചു മൂടുന്നു. ട്രെയിനിലുണ്ടായിരുന്ന സോഫിയലോറന്റെ നേതൃത്വത്തിൽ കുറേ പേരെ ട്രെയിനിൽ വച്ച് ചികിൽസിക്കുന്നു. നശിപ്പിക്കാൻ വേണ്ടി വഴി തിരിച്ച ട്രെയിനിന്റെ ഒരു ഭാഗം വേർപെടുത്തി കുറേപ്പേരെ രക്ഷിക്കുന്നു. എഞ്ചിനും കുറേ കമ്പാർട്ടുമെന്റുകളും കസാൻഡ്ര പാലത്തിൽ നിന്നും അഗാധമായ ഗർത്തത്തിലേക്ക് വീണ് കത്തി നശിക്കുന്നു. ആദ്യന്തം ഉദ്വേഗജനകമായ ചിത്രം. സിനിമ ഒന്നുകൂടി കണ്ടുകളയാം എന്നു കരുതി HBO യിൽ നിലയുറപ്പിച്ചു. ട്രെയിൻ യാത്ര തുടങ്ങിയ സമയമായപ്പോഴാണ് കറന്റ് പോയത്.

കറന്റ് ഉടനെ വരുമെന്ന് പ്രതീക്ഷിച്ച് ഇരുന്നിരുന്ന സോഫയിൽ നീണ്ടു നിവർന്ന് കിടന്നു. തലക്കടിയിൽ ഒരു കുഷ്യനും വച്ചു. എത്ര നേരം കിടന്നുവെന്നറിയില്ല, പെട്ടെന്നാണെല്ലാം സംഭവിച്ചത്. ടി.വി.സ്ക്രീൻ പ്രകാശമയമായി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം. പുതിയ LCD TV യാണ്. വോൾട്ടേജ് കൂടിയതാവാം, TV കേടുവരണ്ട എന്നു കരുതി സ്വിച്ച് ഓഫ് ചെയ്യുവാൻ എഴുന്നേൽക്കുവാൻ ശ്രമിച്ചു. എഴുന്നേൽക്കുവാൻ സാധിക്കുന്നില്ല. കൈകൾ മരവിച്ചപോലെ. തല ഉയരുന്നില്ല. TV സ്ക്രീൻ പ്രകാശവും വലുതായിക്കൊണ്ടേയിരുന്നു മുറിയോളം വലുതായി. വീടോളം വലുതായി. പൂജപ്പുര മുതൽ തീഹാർവരെ വലുതായി. ആകാശം മുട്ടുവോളം വലുതായി. ആയിരം സൂര്യന്മാർ ഒരുമിച്ച് ഉദിച്ചപോലെ പ്രകാശം കൂടി. അർജ്ജുനൻ വക്കീൽ പേടിച്ചുവിറയ്ക്കാൻ തുടങ്ങി. കരയാൻ ശ്രമിച്ചു. ഒച്ച പുറത്തു വരുന്നില്ല. എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഒരെത്തും പിടിയും കിട്ടുന്നില്ല. പ്രകാശത്തിന്റെ പിന്നിൽ നിന്നൊരു ശബ്ദം കേട്ടു, ' 'വക്കീലേ പേടിക്കണ്ട, ഇത് ഞാനാണ്, നിങ്ങൾ ഭഗവാൻ എന്നു വിളിക്കുന്ന അതേ കക്ഷി". ' 'പക്ഷേ എനിക്കാരേയും കാണാൻ പറ്റുന്നില്ലല്ലോ" പേടിച്ചു വിറച്ചു കൊണ്ട് അർജ്ജുനൻ വക്കീൽ പറഞ്ഞൊപ്പിച്ചു.

' 'എന്നെ സാധാരണ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കില്ല. അതിന് ജ്ഞാന കണ്ണുകൾ വേണം, വക്കീലാണെങ്കിലും ജ്ഞാനമുണ്ടാകണമെന്നില്ലല്ലോ. വക്കീൽ എന്റെ സ്നേഹിതനാണ് കുറച്ചു വിവരം വെപ്പിച്ചെടുക്കണമെന്നുണ്ട്. അതു കൊണ്ട് ഞാൻ ജ്ഞാനകണ്ണുകൾ തരാം".ഭഗവാൻ പറഞ്ഞു.

രണ്ടു പുരികങ്ങളുടെ മദ്ധ്യത്തിൽ ആരോ സ്പർശിക്കുന്നതായി വക്കീലിനു തോന്നി. എൻ.റ്റി.രാമറാവുവിന്റേയും പ്രേംനസീറിന്റേയും നിതീഷ് ഭരദ്വാജിന്റേയും ശരത്തിന്റേയും സമ്മിശ്ര മുഖച്ഛായയുള്ള സുന്ദര രൂപം സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടു. ഭഗവാനെ നേരിൽ കണ്ട സന്തോഷം കൊണ്ട് അർജ്ജുനൻ വക്കീൽ പറഞ്ഞു, ' 'ഭഗവാൻ സുന്ദരനാണല്ലോ"!

"അതെ ഞാൻ സുന്ദരനാണ്, സുന്ദരൻമാരിൽ സുന്ദരനാണ്, വിരൂപൻമാരിൽ വിരൂപനുമാണ്. ഇതിനിടയിലുള്ള എല്ലാ രൂപവും ഞാൻ തന്നെയാണ്. എല്ലാത്തിന്റേയും പ്രഭവസ്ഥാനം ഞാനാകുന്നു. എന്നിൽ നിന്ന് സർവ്വസ്വവും പ്രവർത്തിക്കുന്നു. സർവ്വ പ്രാണികളുടെയും ഉള്ളിലിരിക്കുന്ന ആത്മാവ് ഞാനാകുന്നു. പ്രകാശമുള്ളവയിൽ സൂര്യൻ ഞാനാകുന്നു. ദേവൻമാരിൽ ഇന്ദ്രൻ ഞാനാകുന്നു. അഷ്ടവസുക്കളിൽ അഗ്നി ഞാനാകുന്നു. എന്റെ എല്ലാ പ്രഭാവങ്ങളേയും താങ്കൾക്ക് കാണിച്ചു തരാം നോക്കിക്കോളൂ" എന്നു പറഞ്ഞു കൊണ്ട് ഭഗവാൻ സ്ക്രീനിലേക്ക് ഉൾവലിഞ്ഞു. പുഴകളും മലകളും അഗ്നിപർവ്വതങ്ങളും ഭൂമിയും ചന്ദ്രനും സുര്യനും ഗാലക്സിയും നെബുലയും കെപ്ളറുമെല്ലാം സ്ക്രീനിൽ ഓരോന്നായി തെളിഞ്ഞുവന്നു.

"സൃഷ്ടിയുടെ ഉൽപ്പത്തിയും സ്ഥിതിയും സംഹാരവും ഞാൻതന്നെ, എന്റെ സംഹാര ലീലകൾ കാണിച്ചുതരാം, ഇപ്പോൾ ഞാൻ അഗ്നിയാണ്" പിന്നിൽ നിന്നും ഭഗവാന്റെ ശബ്ദം.

വലിയ ഇടിമുഴക്കത്തോടെ ഫ്രാൻസിലെ മാർട്ടിനിക്കിലെ പെലെ അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നു. അഗ്നിപർവതത്തിന്റെ വിടവിൽ നിന്നും പാറക്കൂട്ടങ്ങൾ പുറത്തേക്ക് വർഷിക്കുന്നു. പുകയും ചാരവും കൊണ്ട് അന്തരിക്ഷമാകെ നിറഞ്ഞു. മൃഗങ്ങളും പക്ഷികളും കൂട്ടത്തോടെ ചത്തു വീഴുന്നു. ജനങ്ങൾ മരിച്ചു വീഴുന്നു. കുറേപ്പേർ ഭയചകിതരായി ഓടുന്നു. അഗ്നിപർവതത്തിന്റെ ചൂടുകൊണ്ട് തടാകത്തിലെ ജലം തിളച്ചു പൊങ്ങാൻ തുടങ്ങി. അഗ്നിപർവതം പൊട്ടി പിളർന്ന് തീക്കട്ടകൾ പുറത്തേയ്

ക്കൊഴുകി സെന്റ്പിയർ പട്ടണം തന്നെ അപ്രത്യക്ഷമാകുന്നു.

ലണ്ടനിൽ ഉഷ്ണം വർദ്ധിച്ച് വിയർപ്പു രോഗം മൂലം ആയിരങ്ങൾ മരിക്കുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും ബോംബു പൊട്ടി ആയിരങ്ങൾ മരിക്കുന്നു. രണ്ട് പട്ടണങ്ങൾ നാമവിശേഷമാകുന്നു. ചെർണോബിലിൽ റേഡിയേഷൻ മൂലം ജനങ്ങൾ മരിക്കുന്നു. ആയിരങ്ങൾ വീടുകളും സ്വത്തുക്കളും ഉപേക്ഷിച്ച് ഓടി രക്ഷപെടുന്നു. സ്ക്രീനിലെ ദയനീയമായ കാഴ്ച കണ്ട് അർജ്ജുനൻ വക്കീലിന്റെ ശാസോച്ഛ്വാസത്തിന്റെ വേഗത വർദ്ധിച്ചു "മതി ഭഗവാനെ ഇനി കാണണ്ട" വക്കീൽപറഞ്ഞു.

''ഇനി വേറെ കാഴ്ചകൾ കാണിച്ചു തരാം". ഭഗവാൻ പറഞ്ഞു. ' 'ഇപ്പോൾ ഞാൻ വായുവാണ്".

ന്യൂയോർക്ക് നഗരത്തിലൂടെ ശക്തമായ കൊടുങ്കാറ്റ് ആഞ്ഞു വീശുന്നു. കാറ്റിൽപെട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകൾ പറന്നുയരുന്നു. വിദ്യുഛക്തി ലൈനുകളും ടെലഫോൺ ലൈനുകളും തകർന്നു വീഴുന്നു. കനത്ത നാശം വിതച്ച് കൊടുങ്കാറ്റ് ലോങ്ങ് ഐലന്റിൽ പ്രവേശിക്കുന്നു. ലോങ്ങ് ഐലന്റിനെ നാമാവിശേഷമാക്കുന്നു. മദ്ധ്യ ടെക്സാസിലെ വാകോ നഗരത്തിലുടെ അതി ശക്തമായ ചുഴലിക്കാറ്റ് വീശുന്നു. ബഹുനില കെട്ടിടങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴുന്നു. ഭോപ്പാലിൽ ഗാസ് ലീക്കുമൂലം ആയിരങ്ങൾ മരിക്കുന്നു. ആയിരങ്ങൾ രോഗഗ്രസ്തരായി മരണം കാത്തു കിടക്കുന്നു.

''ഇപ്പോൾ ഞാൻ പ്രളയമാണ്'' സ്ക്രീനിൽ നിന്നും ഭഗവാന്റെ അറിയിപ്പ് ഒരിക്കൽകൂടി വന്നു. 99ലെ വെള്ളപ്പൊക്കത്തിന്റെ കെടുതികൾ കണ്ടു. ചൈനയിലെയും ബംഗ്ലാദേശിലേയും വെള്ളപ്പൊക്കം, മോർവി ദുരന്തം ഇന്തോനേഷ്യയിലേയും ജാപ്പാനിലേയും സുനാമി കെടുതികൾ എന്നിവ സ്ക്രീനിൽ മിന്നി മറിഞ്ഞു. മുല്ലപ്പെരിയാർ ഡാമിന്റെ വിള്ളലിലുടെ കുറേ ചോദ്യ ചിഹ്നങ്ങൾ ഒഴുകി വന്ന് അറബിക്കടലിൽ ലയിച്ചു ചേർന്നു. ചോദ്യചിഹ്നങ്ങളിൽ കുടുങ്ങി കുറെ പട്ടണങ്ങളും ജനങ്ങളും അറബിക്കടലിൽ ലയിച്ചു ചേർന്നു.

അർജ്ജുനൻ വക്കീൽ പേടിച്ചു വിറച്ചു. ഭഗവാൻ പറഞ്ഞു. ' 'പേടിക്കേണ്ട വക്കീലേ. പേടിച്ചിട്ടു കാര്യമില്ലാ, ലോകം തുടങ്ങുന്നത് പ്രളയത്തിലാണ് ലോകം അവസാനിക്കുന്നതും പ്രളയത്തിലാണ്. ഞാൻ Omni present Omni potent, Omniscient ആണ്. എനിക്ക് സഹസ്രം കൈകളും സഹസ്രം കണ്ണുകളും സഹസ്രം കാലുകളുമുണ്ട് കണ്ടു കൊള്ളുക".

ഒരു രാഷ്ട്രീയ പാർട്ടിയുടെ ജാഥ തെരുവിലൂടെ പോകുന്നത് സ്ക്രീനിൽ തെളിഞ്ഞു വന്നു. വടിയും കൊടിയും പിടിച്ച് കണ്ടവരെയൊക്കെ തടഞ്ഞു, കണ്ടതൊക്കെ നശിപ്പിച്ചും തീവച്ചും, അട്ടഹാസങ്ങൾ മുഴക്കിയും കല്ലെറിഞ്ഞും കലികാല അവതാരമായ ഖഡ്ഗി രാഷ്ട്രീയപാർട്ടിയുടെ രൂപത്തിൽ അവതരിച്ചത് അർജ്ജുനൻ വക്കീൽ കണ്ടു.

' 'നീതികളിൽ ഞാൻ ദണ്ഡനനീതിയാകുന്നു". എന്റെ നീതി ഞാൻ നടപ്പാക്കിയിരിക്കും. നോക്കി കൊള്ളുക". എന്നു പറഞ്ഞു കൊണ്ട് ഭഗവാൻ ഒരു പാദം പൂജപ്പുരയിലും മറേറപാദം തീഹാറിലുമാക്കി നിലയുറപ്പിച്ചു. കുറേ അക്ഷരങ്ങളും അക്കങ്ങളും പാദങ്ങളിലേക്ക് അതിശക്തമായി ഒഴുകുന്നുണ്ടായിരുന്നു. I D M L, IHRD SNC CWG 2G 3G എന്നിവ വ്യക്തമായി കാണാം. അവയുടെ തള്ളലിൽ കുറേപ്പേർ വീണ് ഒലിച്ച് ഭഗവാന്റെ പാദങ്ങളിലേക്ക് ഒഴുകി കൊണ്ടിരുന്നു. ചിലർ ഞങ്ങളെ രക്ഷിക്കണേ എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. പാദങ്ങളിൽ എത്തിയവർ ഞങ്ങളോട് ക്ഷമിക്കണേ എന്നും പറഞ്ഞു കൊണ്ടിരുന്നു.

"മഹത്തായതിൽ മഹത്തായത്" എന്ന പോലെ "അണുവിൽ അണുവായതും ഞാൻ

തന്നെയാണ്. അണുവിന്റെ അണുവായി വന്ന് മർത്ത്യന്റെ സംസ്ക്കാരത്തേയും ബുദ്ധിയേയും സംഹരിക്കുന്നതും ഞാൻ തന്നെ'', ഒരു മൊബൈൽ ഫോൺ ഉയർത്തിപിടിച്ചുകൊണ്ട് ഭഗവാൻ പറഞ്ഞു. ഇതിനിടയിൽ T V യിൽ ചില ഫ്ളാഷ്ന്യൂസുകൾ പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു.

FlashNews.. ബ്രിട്ടനിൽ ഭ്രാന്തിപ്പശു രോഗം ബാധിച്ച ലക്ഷക്കണക്കിന് കന്നുകാലികളെ വെടിവച്ചു കൊന്നു. Flash News... ചൈനയിൽ ഏവിയൻ ഫ്ളു ബാധിച്ച ലക്ഷക്കണക്കിന് കോഴികളെ വെടിവച്ചു കൊന്നു. Flash news..മൊബൈൽ ഫോണിലെ റേഡിയേഷൻ മൂലം Acute radiation syndrome ബാധിച്ച് സ്ഥലകാല ബോധമില്ലാതെ കുറേപ്പേരെ നാട്ടിൽ കാണുന്നു. പ്ലേഗ് പോലെ ചികിൽസിച്ച് മാറ്റാവുന്ന രോഗമല്ലാത്തതിനാൽ മറ്റുള്ളവരുടെ സൈ്വരതയെ കെടുത്തുന്ന ഈ രോഗികളെ കണ്ടാൽ Shoot at sight കല്പന ഗവണ്മേന്റ് പുറപ്പെടുവിച്ചിരിക്കുന്നു. Flash News...പൊതുസ്ഥലങ്ങളിൽ ആയുധ ധാരികളായ പോലീസുകാരെ വിന്യസിച്ചിട്ടുണ്ട്. Flash News....ARS patients to be shot at sight... അർജ്ജുനൻ വക്കീൽ പേടിച്ചു വിറച്ചു. കുറച്ചു നാളായി ഓർമ്മക്കുറവുണ്ട്. ARS തലച്ചോറിനെ ബാധിച്ചുവോ എന്നറിയില്ല.

കാലത്ത് ഓഫീസിലേക്ക് ഡ്രൈവ് ചെയ്ത് പോകുമ്പോഴാണ് മൊബൈൽ ഫോണടിച്ചത്. പെട്ടെന്ന് കാറു നിറുത്തി. ഫോൺ എടുത്തു. വീട്ടിൽ നിന്നാണ്. കാറിനകത്തായതു കൊണ്ട് ക്ലിയറായി കേൾക്കുന്നില്ല. ഡോർ തുറന്ന് പുറത്തു കടന്നു. കേസ്ഫയൽ എടുക്കാൻ മറന്നുപോയെന്നും ഫയൽ എടുക്കാൻ തിരിച്ചു വരുമ്പോൾ ഈ സാധനങ്ങൾ വാങ്ങണമെന്നും പറഞ്ഞ് ഭാര്യ ലിസ്റ്റു വായിക്കുകയായിരുന്നു. പോക്കറ്റിൽ നിന്നും പേനയും കടലാസും എടുത്ത് തോളിനും ചെവിക്കും ഇടയിൽ ഫോൺ ഫിറ്റ് ചെയ്ത് എഴുതാൻ തുടങ്ങുമ്പോഴാണ് രണ്ടാമത്തെ ഫോൺ അടിച്ചത്. പേനയും കടലാസും ഒരു കയ്യിലേക്ക് മാറ്റി രണ്ടാമത്തെ ഫോണെടുത്തു. അന്നത്തെ കേസുള്ള കക്ഷിയാണ്. കക്ഷിയെ സമാധാനിപ്പിക്കുന്നതിനിടയിൽ ഒരു പോലീസ്വാൻ അതിവേഗത്തിൽ വന്നടുത്തു. പിന്നാലെ ഒരു ട്രാക്ററും. ട്രാക്ററിന്റെ കാരിയറിൽ ചോരയൊലിച്ച കുറേപ്പേരെ അട്ടിയിട്ടു കിടത്തിയിരിക്കുന്നു; കോർപ്പറേഷനിലെ പട്ടിപിടുത്തക്കാർ പട്ടികളെ കൊന്നു കൊണ്ടു പോകുന്നതുപോലെ. പോലീസുകാർ തമ്മിൽ പറയുന്നതു കേട്ടു. കുറച്ചു serious ARS case ആണെന്നു തോന്നുന്നു. രണ്ടു മൊബൈലുണ്ട്. shoot immediately ,പോലീസു കാരൻ തോക്കു ചൂണ്ടി വക്കീലിനു നേരെ അടുത്തു. ഠേ?? ഒരു വെടിയുണ്ട തലക്കു നേരെ പാഞ്ഞു വരുന്നു. അയ്യോ സർവ്വശക്തിയും ഉപയോഗിച്ച് വക്കീൽ കരഞ്ഞു. വെടിയുണ്ട കൊള്ളാതിരിക്കാൻ പെട്ടെന്ന് ഒഴിഞ്ഞുമാറി, സോഫയിൽ നിന്നും താഴെ വീണു.

കരച്ചിലിന്റെ ശബ്ദം കേട്ട് ഉറക്കമുണർന്ന ഭാര്യ മുറിയിൽ നിന്നെണീറ്റു വന്നു ചോദിച്ചു, ചേട്ടൻ വല്ല സ്വപ്നവും കണ്ടോ? ദ്രുതഗതിയിലുള്ള ശ്വാസോച്ഛ്വാസത്തിനിടയിൽ വക്കീൽ പറഞ്ഞു

' 'ഉവ്വ് ശാന്തീ....ഒരു സ്വപ്നം കണ്ടു' '

' 'വരു ഉറങ്ങാം''കസാൻഡ്ര ബ്രിഡ്ജിൽ നിന്നും വീണ് കത്തിക്കൊണ്ടിരിക്കുന്ന ട്രെയിൻ കാണിച്ചു കൊണ്ടിരുന്ന TV ഓഫ് ചെയ്തു കൊണ്ട് ഭാര്യ ചോദിച്ചു.

' 'എന്തു സ്വപ്നമാണ് കണ്ടത്''?

ഭാര്യയുടെ കൈപിടിച്ചു കൊണ്ട് ഉറങ്ങാൻ പോകുന്നതിനിടയിൽ വക്കീൽ പറഞ്ഞു.' **'വിശ്വരൂപദർശനം''**

✵

# ബ്രിക്സ് കൂട്ടായ്മ

*Er.V.Rajan, Dy.CE (Retd)*

**ലോ**കത്ത് രാഷ്ട്രങ്ങളുടെ കൂട്ടായ്മ പലതുണ്ട്; യു.എൻ.എന്ന ബ്രഹത്തായ സംഘടനയെ മാറ്റി നിറുത്തിയാൽ മറ്റുള്ളതെല്ലാം ചെറിയ കൂട്ടായ്മകളാണ്; പലതും ഓരോ വിഭാഗത്തിന്റെയും ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടി യുള്ളതാണ്. രണ്ടിൽ കൂടുതൽ അംഗങ്ങളുള്ള സമൂഹത്തിൽ അഭിപ്രായ സ്വാതന്ത്ര്യമുള്ളതു കൊണ്ട് എപ്പോഴും സബ് ഗ്രൂപ്പുകൾ ഉണ്ടാകും (നമ്മുടെ രാഷ്ട്രീയ പാർട്ടികളിൽ ഗ്രൂപ്പ് പോരുണ്ടാകുന്നത് തന്നെ അങ്ങനെയാണല്ലോ). അങ്ങനെ ഉണ്ടായ ചില പ്രധാന കൂട്ടായ്മകളാണ് G8, G20, OPEC, ASEAN, SCO, OIC, OAC അങ്ങനെ പലതും. ഇതിനിടക്ക് സോവിയറ്റ് റഷ്യയുടെ പതനം വരെ, നമ്മുടെ നേതൃത്വത്തിൽ ഒരുചേരിചേരാ പ്രസ്ഥാന(NAM)വും ഉണ്ടായിരുന്നു. അതിപ്പോൾ ശരിക്കുമൊരു ഗാഢനിദ്രയിലാണ്; ചേരി ഇല്ലാത്ത ലോകത്തിപ്പോൾ ചേരിചേരാ പ്രസ്ഥാനത്തിനെന്ത് പ്രസക്തി.

90-കളിൽ ആരംഭിച്ച ആഗോളവല്കൃത ലോകത്തിൽ പല മാറ്റങ്ങളും പെട്ടെന്ന് സംഭവിച്ചു, വിശേഷിച്ചും സാമ്പത്തിക രംഗത്ത്. അതിന്റെ ഫലമായി പല അനാശാസ്യ പ്രവണതകളും ഈ രംഗത്ത് ഉടലെടുത്തു. അതിൽ പ്രധാനമായത് റിയൽ എസ്റ്റേറ്റ് മേഖലയിലെ ഊഹകച്ചവടം, ലോൺ തിരിച്ചടക്കാൻ ശേഷിയില്ലാത്തവർക്ക് നല്കിയ വായ്പകൾ, വിദേശ നിക്ഷേപങ്ങളിലെ കുടിലതകൾ അങ്ങനെ പലതും. കള്ളത്തരത്തിൽ കൂടി ഉണ്ടായതും നിലനിന്നതുമായ ഈ സാമ്പത്തിക തിരിമറികൾ പെട്ടെന്നു തന്നെ അതിന്റെ അനിവാര്യമായ അന്ത്യത്തിലെത്തി. അങ്ങനെപല യൂറോപ്യൻ, യു.എസ് സാമ്പത്തിക സ്ഥാപനങ്ങളും പാപ്പരായി. അതു പിന്നെ 2008-ഓട് കൂടി സാമ്പത്തിക പ്രതിസന്ധി ആയി, അവസാനം മാന്ദ്യമായി. അതിപ്പോഴും തുടരുന്നു. ഈ പ്രതിഭാസം പ്രധാനമായും വികസിത രാജ്യങ്ങളെയാണ് ബാധിച്ചത്. അവരുമായി കാര്യമായ വ്യാപാര സാമ്പത്തിക ഇടപാടുകളുള്ള ഇന്ത്യ പോലുള്ള വികസ്വര രാഷ്ട്രങ്ങളും പ്രതിസന്ധി നേരിടുന്നു.

ഈ സാഹചര്യത്തിലാണ് ഗോൾഡ്മാൻ സാക്സ് എന്ന സാമ്പത്തിക ഉപദേശക സ്ഥാപനം വികസ്വര രാജ്യങ്ങളായ ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന ദക്ഷിണാഫ്രിക്ക(BRICS) എന്നീ രാജ്യങ്ങളുടെ ഒരു കൂട്ടായ്മ ആയിരിക്കും ഭാവിയിലെ സാമ്പത്തിക ശക്തികളെന്ന് ഒരു ഇന്ത്യക്കാരിയുടെ സാമ്പത്തിക പ്രബന്ധത്തിൽക്കൂടി അഭിപ്രായപ്പെട്ടു. അങ്ങനെ 2009 ജൂണിൽ ആദ്യത്തെ സമ്മേളനം നടന്നു (അന്ന് ദക്ഷിണാഫ്രിക്ക ഇല്ലായിരുന്നു.) ഇപ്പോൾ കഴിഞ്ഞ മാർച്ചിൽ ഡൽഹിയിൽ ഈ 5 രാജ്യങ്ങളുടെയും തലവൻമാരുടെ പ്രധാനപ്പെട്ട ഒരു സമ്മേളനം നടന്നു; അടുത്തത് അടുത്ത വർഷം സൗത്ത് ആഫ്രിക്കയിൽ നടക്കും. ഡൽഹി സമ്മേളനത്തിലെ പ്രധാന തീരുമാനം ലോക ബാങ്കിന് സമാനമായ ഒരു ബ്രിക്സ് ബാങ്കും കറൻസിയും രൂപീകരിക്കുകയെന്നുള്ളതാണ്.

വികസിത രാജ്യങ്ങളിൽ നില നിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ ആ രാജ്യങ്ങൾ നോക്കുന്നത് ബ്രിക്സ് രാജ്യ

ങ്ങളെയാണ്.ശരിക്കും പറഞ്ഞാൽ ലോക ത്തിന് ചലനം നൽകുന്ന സാമ്പത്തിക എൻജി നാണ് ബ്രിക്സ്. ഈ കൂട്ടായ്മയുടെ വിസ്തീ ർണ്ണം ഏതാണ്ട് 30%വും ജനസംഖ്യ 45%വും ഉല്പാദനം 25%വുമാണ്. അതുകൊണ്ടു തന്നെ ഇതൊരു നിർണ്ണായക ശക്തിയാണ്. ഈ രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യം ഇപ്പോഴുള്ള 230 ബില്ല്യൻ ഡോളറിൽ നിന്നും 2015–ൽ 500 ബില്യൻ ആക്കണമെന്നാണ് ഡൽഹി തീരുമാനം. ഓരോ രാജ്യത്തിനും ഇപ്പോഴുള്ള പ്രത്യേക മികവ്, ഇന്ത്യ-സർവ്വീസ്, ചൈന വ്യാവസായിക ഉല്പാദനം, ബ്രസീൽ-കൃഷി, ആഫ്രിക്ക-തൊഴിലാളികൾ,റഷ്യ- ടെക്നോ ളജി, പെട്രോളിയം ഉല്പന്നങ്ങൾ, പ്രയോജന പ്പെടുത്താനാണ് തീരുമാനം കൂടാതെ ഏതാണ്ട് എല്ലാപേരും ആണവ ശക്തികളാണ്. അങ്ങനെ നോക്കിയാൽ ആവശ്യത്തിന് മൂലധനവും സാങ്കേതിക വിദ്യകളും ഈ രാജ്യങ്ങൾക്കി ടയിൽ ലഭ്യമാണ്. ഇതുവരെയും ഇത് യൂറോപ്പിന്റെയും യു.എസി ന്റെയും കുത്തക ആയിരുന്നല്ലോ. പുതിയ കണ്ടുപിടിത്ത ങ്ങളൊന്നും ഇപ്പോൾ അവരുടെ കൈയ്യിലില്ലാ ത്തതുകൊണ്ട് ഒരു സാങ്കേതിക മുൻ കൈയ്യൊന്നും അവർക്ക് അവകാശപ്പെടാനില്ല.. പക്ഷേ ലഭ്യമായ സാങ്കേതിക അറിവിനെ നവീകരിക്കുന്ന കാര്യത്തിൽ (വാൽവിനെ ട്രാൻസിസ്റ്ററും IC ചിപ്പും മെക്രോ ചിപ്പും ആക്കി മാറ്റുന്നു, ഊർജ്ജക്ഷമതയുള്ള ഗൃഹോപ കരണങ്ങൾ,LEDബൾബ്,റ്റി.വി) ഇനി നമുക്കും ശ്രമങ്ങൾ നടത്താം. നമ്മുടെ യുവാക്കളും അടിസ്ഥാന അറിവുകളിൽ വികസിത രാജ്യ ങ്ങൾക്ക് ഒപ്പമാണിപ്പോൾ; ഔട്ട്ഡോഴ്സിംഗ് ജോലികളിൽ നിന്നും കണ്ടുപിടിത്തങ്ങളി ലേക്കുംനവീകരണത്തിലേക്കും പുനരുദ്ധാ രണത്തിലേക്കും മാറണം.

ഇനി ഈ സഖ്യത്തിന്റെ രാഷ്ട്രീയവശം നോക്കിയാൽ, യു.എന്നിൽ കൂടി വികസിത രാജ്യങ്ങൾ അവർക്കാവശ്യമുള്ള കാര്യങ്ങ ളൊക്കെ നേടിയെടുക്കുന്നു. ഇറാക്ക്, ലിബിയ, ഈജിപ്റ്റ് എന്നീ ഗൾഫ്-അറബ് രാജ്യങ്ങളിൽ യു.എസ് താൽപര്യങ്ങളായിരുന്നു നടന്നത്. നിലവിലുള്ള ഗവണ്മെന്റുകൾ മാറിയിട്ട് (മാറ്റിയിട്ട്) ഒരു സ്ഥിരതയുള്ള ഭരണം ഇതുവരെയും ആ രാജ്യങ്ങളിൽ സ്ഥാപിക്ക പ്പെട്ടിട്ടില്ല. (കുറെയൊക്കെ അവിടുത്തെ ആഭ്യന്തര പ്രശ്നങ്ങളുമാണ്.) ഇനിയിപ്പോൾ സിറിയയും ഇറാനുമാണ് രംഗത്തുള്ളത്. അവിടേയും ഏതാണ്ട് സ്വേച്ഛാധിപത്യമാണ്. മറ്റ് രാജ്യങ്ങളിൽ ചെയ്തതു പോലെ സോഷ്യൽ നെറ്റു വർക്കിലൂടെയുള്ള മുല്ലപ്പൂ വിപ്ലവങ്ങളാണ് ഇവിടെയും പാശ്ചാത്യ രാജ്യങ്ങൾ ഉദ്ദേശിക്കുന്നത്. അതിൽ സിറിയക്ക് എതിരെയുള്ള യു.എൻ പ്രമേയം ചൈനയും റഷ്യയും ചേർന്ന് വീറ്റോ ചെയ്തു. പക്ഷേ അവിടെ ഇപ്പോഴും സാധാരണ ജനത്തിന്റെ കൂട്ടക്കൊല തുടരുന്നു. അത് ഒഴിവാക്കാൻ ബ്രിക്സിനും സാധിക്കുന്നില്ല. ഇറാനിൽ ഉപരോധമാണ് ആയുധമാക്കിയിരിക്കു ന്നത്. വിശേഷിച്ചും എണ്ണയുടെ വ്യാപാരത്തെ യാണ് ലക്ഷ്യം വച്ചിരിക്കുന്നത്. ഇന്ത്യയും ചൈനയു മാണ് അവിടെ നിന്നും കൂടുതൽ ഇന്ധന എണ്ണ വാങ്ങുന്നത്. അതിന്റെ വില യഥാസമയം നൽകാൻ സാധിക്കുന്നില്ല; ഡോളർ പേമെന്റ് അമേരിക്ക വിലക്കീരിക്കുകയാണ്. ഇവിടെയും നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ക്രൂഡോയിൽ കയറ്റുമതി ചെയ്യുന്ന രാജ്യത്തിന് ഇതുവരെയും സ്വന്തമായ എണ്ണ ശുദ്ധീകരണശാലകളില്ല. അതെ സമയം അവർ ആണവ സാങ്കേതിക വിദ്യ സ്വായ ത്തമാക്കാനാണ് ശ്രമിക്കുന്നത്. അതാണ് അവരുടെ ഉദ്ദേശശുദ്ധിയെക്കുറിച്ച് സംശയങ്ങൾ ജനിപ്പിക്കുന്നത്. അതുപോലെ വടക്കൻ കൊറിയ യുടെ ആണവ-മിസൈൽ കാര്യത്തിൽ ചൈനക്ക് ചില താല്പര്യ ങ്ങളുണ്ട്.

ഇങ്ങനെയുള്ള കാര്യങ്ങളിൽ ശക്തമായി ഇടപെടാൻ ബ്രിക്സ് രാജ്യങ്ങൾക്ക് സാധിക്കും. എല്ലാ കാര്യങ്ങളും യൂറോപ്പ്-അമേരിക്ക തീരുമാനി ക്കുന്നത് കുറെയൊക്കെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കും. അതുപോലെ ലോക സമാധാനത്തിന് തടസമായ അറബ് (പലസ്തീൻ)-ഇസ്രയേൽ പ്രശ്നത്തിനും ഒരു പരിഹാരം ബ്രിക്സിന്റെ അജണ്ടയിലെ മുഖ്യയിനമാണ്. അതുപോലെ ഏകപക്ഷീയ തീരുമാനങ്ങളിൽ പ്രവർത്തിക്കുന്ന ഇന്റർമോണിറ്ററി ഫണ്ടിന്റെ പ്രവർത്തനങ്ങൾ ലോക നന്മക്കായി പുനർ നിർണ്ണയം നടത്തണം. അങ്ങനെ വന്നാൽ ഇന്നനുഭവപ്പെ ടുന്ന ഭക്ഷ്യ-ഇന്ധന വിലക്കയറ്റം നിയന്ത്രണ വിധേയമാക്കാം. അതിനായി ഐക്യരാഷ്ട്ര സഭയുടെ പുനഃസംഘടന എത്രയും പെട്ടെന്ന് നടത്തണമെന്നുള്ളതാണ് ഒരാവശ്യം. മാറിയ ലോക സാഹചര്യത്തിൽ ഏത് അളവുകോൽ വച്ച് നോക്കിയാലും ഇന്ത്യ, ബ്രസീൽ,ദക്ഷിണ ആഫ്രിക്ക എന്നീ രാജ്യങ്ങൾക്ക് സുരക്ഷാ സമിതിയിൽ അംഗത്വം ലഭിക്കേണ്ട താണ്.

ഇതൊക്കെ പറയുമ്പോഴും ബ്രിക്സിന്റെ നിലനിൽപ് അത്ര സുഗമമല്ല. ഇന്ത്യയും ബ്രസീലും ദക്ഷിണാഫ്രിക്കയും ജനാധിപത്യ രാജ്യങ്ങളാണ്, അതെ സമയം മറ്റ് രണ്ട് രാഷ്ട്രങ്ങളിലും ഏകകക്ഷി ഭരണമാണ്. അപ്പോൾ സ്വന്തം കറൻസിയെന്നൊക്കെ പറയാൻ എളുപ്പ മാണ്. ലോകത്ത് നടക്കുന്ന പല പ്രധാന സാധന കൈമാറ്റത്തിലും, വിശേഷിച്ചും ക്രൂഡോയിൽ, ഡോളർ പേമെന്റ് മാത്രമേ സാധിക്കൂ. നമുക്കും ചൈനക്കും ഇറാനുമായുള്ള ഇന്ധന കൈമാറ്റത്തിലും അതിന്റെ വില നല്കുന്ന തിനുള്ള പ്രയാസമിതാണ്; ഡോളർ പേമെന്റ് അമേരിക്ക നിരോധിച്ചു. അതുപോലെ എല്ലാ ബ്രിക്സ് രാജ്യങ്ങൾക്കും യൂറോപ്പ്, വിശേഷിച്ചും അമേരിക്കയുമായിട്ടാണ് വ്യാപാര ബന്ധങ്ങളുള്ളത്. (അവികസിത രാജ്യങ്ങളുമായി കച്ചവടം വളരെ കുറച്ചല്ലേ നടക്കൂ) ഉല്പന്നങ്ങളുടെ മേന്മയിൽ വികസിത രാജ്യങ്ങളുമായി മത്സരിക്കാൻ വളരെയധികം തയ്യാറെടുപ്പുകൾ നമ്മൾ നടത്തണം. വളരെയധികം ഉപഭോഗമുള്ള ഒരു ഉല്പന്നത്തിലും നമുക്ക് മുൻകൈ ഇപ്പോൾ വരെയില്ല. അതൊക്കെ ശരിക്കുള്ള ഗവേഷണ പ്രവർത്തനത്തിൽകൂടി മാത്രമെ നേടിയെടുക്കാൻ സാധിക്കൂ.

സഖ്യത്തിലെ പ്രധാന രണ്ട് അംഗങ്ങളായ ഇന്ത്യയും ചൈനയും തമ്മിലുള്ള ഉപയകക്ഷി പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്,അതിർത്തി തർക്കം മുതൽ എണ്ണ പര്യവേഷണം വരെയുള്ളതാണ് പ്രശ്നങ്ങൾ. കൂടാതെ പരസ്പരമുള്ള വൈകാരികമായ വിശ്വാസമില്ലാ യ്മയും മറ്റ് അംഗ രാജ്യങ്ങൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കും. കൂടാതെ അടുത്ത ദിവസം നടന്ന നമ്മുടെ വിജയകരമായ അഗ്നി-5 പരീക്ഷണം ചൈനയുടെ താല്പര്യങ്ങൾക്ക് എതിരാണെന്നാണ് ഔദ്യോഗിക മാധ്യമങ്ങൾ പറയുന്നത്.

നമ്മുടെ ആഭ്യന്തര രാഷ്ട്രീയവും ഒരു ലോകകൂട്ടായ്മക്ക് അനുയോജ്യമല്ല. കേന്ദ്രത്തിലെ കൂട്ടു മുന്നണിയിലെ ചില പ്രാദേശിക കക്ഷികൾ വിദേശനയത്തിൽ (ശ്രീലങ്കൻ തമിഴരുടെ പ്രശ്നം) വരെ കടുംപിടിത്തം നടത്തുന്നുണ്ട്. മറ്റ് രാജ്യങ്ങളുടെ ആഭ്യന്തര കാര്യത്തിൽ ഒരു വിശാല കാഴ്ചപ്പാട് നമുക്കെടുക്കാൻ തല്ക്കാലം പ്രയാസമാണ്; മതത്തിന്റേതായ ചില പ്രശ്നങ്ങളുമുണ്ട്.

ഇതൊക്കെ ആണെങ്കിലും ഈ സഖ്യം വിജയിക്കേണ്ടത് ലോക സമാധാനത്തിന് അത്യന്താപേക്ഷിതമാണ്. ആധാരണ എല്ലാ പേർക്കും ഉണ്ടായാൽ വിജയം ഉറപ്പ്.

❊

## ഒരു ഓർമ്മക്കുറിപ്പ്

# അറബിക്കടലും, ബേക്കർകോട്ടയും, പിന്നെ മാധവനും

*Er. K.P. Gopalakrishnan ,Rtd. Dy., CE*

**ഈ** തലക്കെട്ടെഴുതിക്കഴിഞ്ഞപ്പോൾ, 1964 മുതൽ 1966 വരെയുള്ള ഔദ്യോഗിക ജീവിതവും, എഞ്ചിനീയേഴ്സ് അസ്സോസ്സിയേഷനുമായുള്ള ആത്മബന്ധവും, ഇന്നും തുടരുന്ന സൗഹൃദബന്ധങ്ങളും മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. എത്രയെത്ര മധുരിക്കുന്ന ഓർമ്മകൾ, അനുഭവങ്ങൾ, ദുരന്തങ്ങൾ, വേദനിപ്പിക്കുന്ന വേർപാടുകൾ! അവസാനമായിതാ, മാത്യൂറോയി സാറിനുശേഷം മാധവൻ.

അസ്സോസ്സിയേഷനുമായുള്ള ആത്മബന്ധത്തിൽ കാസർകോടു മുതൽ തിരുവനന്തപുരം വരെ എത്രയെത്ര സുഹൃത്തുക്കൾ, ഒരു ഫോൺ കോളിൽ എന്തു സഹായവുമായി ഓടി എത്തുന്നവർ. കാസർകോടു രാഘവൻ നായർ; കണ്ണൂരിൽ നായനാർസാറും, നമ്പ്യാരും; കോഴിക്കോട് കൃഷ്ണനുണ്ണി, ഉണ്ണിക്കൃഷ്ണൻ; തിരൂരിൽ ചന്ദ്രശേഖരൻ, കൃഷ്ണൻനായർ; പാലക്കാട് സുന്ദരരാജൻ, വേണു; തൃശൂരിൽ വൈദ്യനാഥൻ, ജോൺ, ദിവാകരൻ; ആലുവായിൽ സുരേന്ദ്രൻ പിള്ള; കളമശ്ശേരിയിൽ ഗോവിന്ദൻകുട്ടിസാർ, ഷെറിസാർ; എറണാകുളത്ത് മൊയ്തുസാർ, അനസൂയ, ശിവരാമൻ; കോതമംഗലത്ത് പൗലോസ്, കൂത്താട്ടുകുളത്ത് ലൂക്കാ; കോട്ടയത്ത് മോഹനചന്ദ്രൻ; ചങ്ങനാശ്ശേരിയിൽ തോമസ്ജോർജ്ജ്, ജോസുകുട്ടി; പത്തനംതിട്ടയിൽ പരമേശ്വരൻ, ജോർജ്ജ് മാത്യു, അടൂർ രവീന്ദ്രൻ, കൊട്ടാരക്കര കൃഷ്ണയ്യർ; കൊല്ലത്ത് സോമൻ, സേവിയർ, ജോയി; ചാത്തന്നൂർ മധു, ജലീൽ; തിരുവനന്തപുരത്ത് രവിശങ്കർ, വിജയകുമാർ, ഉമ്മർകുട്ടി..എത്രയെത്ര ആത്മസുഹൃത്തുക്കൾ.

ഇവരെല്ലാമുള്ളപ്പോഴും കണ്ണൂരിൽ ഹംസുവും, നീലേശ്വരത്ത് മാധവനും ഇല്ലല്ലോ എന്ന സത്യം മനസ്സിനെ വല്ലാതെ മഥിക്കുന്നു. ഏറ്റവും ഒടുവിലായി മാധവൻ. 40 വർഷത്തെ അടുത്ത ഹൃദയബന്ധം. എത്രയോ പ്രാവശ്യം നീലേശ്വരത്തെ തറവാട്ടിലേക്കു ക്ഷണം. ബേക്കർ കോട്ടയിൽ നിന്ന് അറബിക്കടലിലേക്കുള്ള ദൃശ്യം; എത്ര അനുഭവിച്ചാലും മതിവരാത്ത കാഴ്ച. ഉയർന്നടിക്കുന്ന വെള്ളത്തിരമാലകൾ. തിരമാലകൾ പോലെ ഉയർന്നടിക്കുന്ന മാധവന്റെ സ്നേഹത്തിരമാലകളുടെ പ്രതീകം. കടലിൽ നിന്നുയരുന്ന കുളിർകാറ്റ്. ഈ കുളിർ കാറ്റിൽ മാധവന്റെ ഹൃദയത്തിൽ നിന്നുയരുന്ന സ്നേഹക്കാറ്റിന്റെ കുളിർമമ്മ. വിശാലമായ ബേക്കർ കോട്ടയും, ഉദ്യാനവും.

അസ്സോസ്സിയേഷന്റെ എല്ലാ വാർഷിക സമ്മേളനങ്ങൾക്കും മാധവൻ തീർച്ചയായും എത്തും, പതിവു തെറ്റിക്കാതെ; തലേദിവസത്തെ റമ്മി കളിയും, മറ്റു കലാപരിപാടികളും.

കാഞ്ഞങ്ങാടു നടന്ന വാർഷികം. പതിവുപോലെ ഞങ്ങൾ, ഞാനും, രവിശങ്കർ, വിജയകുമാർ, നടേശൻ, പാൽരാജ് എന്നിവരും. മാധവൻ നേരത്തെ എത്തിയിരുന്നു; ഞങ്ങൾക്കുവേണ്ടി എ.സി.മുറികളും മറ്റ് സൗകര്യങ്ങളും. പിറ്റെ ദിവസം തിരിച്ചു പോരുന്നതുവരെ ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും ശ്രദ്ധ പതിപ്പിച്ചു കൊണ്ട്

മാധവൻ ഒപ്പം. ഒരൊറ്റ സംഭവം മതി മാധവന്റെ സ്നേഹബന്ധത്തിന്റെ ആഴം മനസ്സിലാക്കാൻ.

ഒരു ദിവസം മാധവന്റെ ഒരു ഫോൺ കോൾ.

"സാർ ഞാൻ അങ്ങോട്ടു വരുന്നുണ്ട്; എങ്ങും പൊയ്ക്കളയരുത്. രവി ശങ്കർ സാറിനോടും, രാമചന്ദ്രൻ സാറിനോടും, വിജയകുമാറിനോടും ഉമ്മർകുട്ടിയോടും ഒന്നു പറഞ്ഞേക്കണേ".

"എന്താ പ്രത്യേകിച്ച്" ഞാൻ ചോദിച്ചു.

"വരുമ്പോൾ പറയാം"മാധവൻ പറഞ്ഞു.

പിറ്റെ ദിവസം ഉച്ചയായപ്പോൾ വീണ്ടും വിളി, ''സാർ, ഞാൻ എഞ്ചിനീയേഴ്സ് ഹൗസിലെത്തിയിട്ടുണ്ട്. ലഞ്ച് ഒരുമിച്ചാവാം. മറ്റുള്ളവരെക്കൂടി വിളിച്ചേക്കണേ."

' 'വിജയനും ഉമ്മർകുട്ടിയും സ്ഥല ത്തില്ല"ഞാൻ അറിയിച്ചു.

"ഏതായാലും നിങ്ങൾ എത്തുമല്ലോ" മാധവന്റെ മറുപടി.

ഞങ്ങൾ മൂവരും എഞ്ചിനീയേർസ് ഹൗസിലെത്തി. ഹൃദയം നിറഞ്ഞ സ്വീകരണം.

' 'എന്താ മാധവാ പെട്ടെന്നിങ്ങനെ."

"എനിക്കൊരു സ്പെഷ്യൽ ഗിഫ്റ്റ് കിട്ടി. അത് സാറന്മാരുമായി ഷെയറു ചെയ്യണമെന്ന് തോന്നി". അത്ഭുതപ്പെട്ടുപോയി. തനിക്കു കിട്ടിയ ഒരു സ്പെഷ്യൽ ഗിഫ്റ്റ് ഞങ്ങളുമായി ഷെയർ ചെയ്യാൻ 700 കിലോ മീറ്റർ യാത്ര ചെയ്ത് ഇവിടെ എത്തിയിരിക്കുന്നു.! ഇത്ര വലിയ ഒരു സൗഹൃദം ഞങ്ങളോടു കാണിക്കാൻ ഞങ്ങൾ എന്തു ചെയ്തിട്ടാണ്! മാധവന്റെ സ്നേഹ ത്തിന്റെ ഒരംശമെങ്കിലും തിരിച്ചു നല്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ!!

ഇക്കഴിഞ്ഞ വാർഷികത്തിന് മാധവനെ കാണാതിരുന്നപ്പോൾ വല്ലാത്ത ഒരു നഷ്ടബോധം തോന്നി. ഫോൺ ചെയ്തിട്ട് മൊബൈൽ ഓഫാക്കി വച്ചിരുന്നു. മാധവ നില്ലാത്ത ഒരു വാർഷികം! പക്ഷെ മാധവൻ നമ്മുടെ അടുത്തു തന്നെ ഉണ്ടായിരുന്നു; കോസ്മോയിൽ, കിംസിൽ, അവസാനം ആർ.സി.സി.യിൽ; ആരും അറിഞ്ഞില്ലെന്നു മാത്രം. ഒരു പക്ഷെ ആരെയും അറിയിക്കരു തെന്നു പറഞ്ഞു കാണും. തലമുടി കൊഴിഞ്ഞ്, കണ്ണുകൾ കുഴിഞ്ഞ്, എല്ലുകളുന്തി ശോഷിച്ച ആ രൂപം. സുഹൃത്തുക്കളാരും കാണേണ്ടന്നു കരുതിക്കാണും. ഞങ്ങളുടെ ഉള്ളിലുള്ള ആ രാജകീയരൂപം അങ്ങിനെ തന്നെ ഇരുന്നോട്ടെ യെന്ന് ചിന്തിച്ചു കാണും.

പ്രിയ സുഹൃത്തേ, നീ അടുത്തു തന്നെ ഉണ്ടായിരുന്നിട്ടും അവസാനമായി ഒരു നോക്കു കാണാൻ അവസരം തരാതെ പറന്നു പൊയ്ക്കളഞ്ഞല്ലോ. നിന്റെ ശരീരം ശോഷി ച്ചിരുന്നോട്ടെ, കണ്ണുകൾ കുഴിഞ്ഞിരുന്നോട്ടെ, മുടികൾ കൊഴിഞ്ഞിരുന്നോട്ടെ, എന്നാലും നിന്റെയാ രാജകീയപ്രൗഢി, ഞങ്ങളുടെ മനസ്സിൽ നിന്നുമായുമായിരുന്നില്ലല്ലോ. നിന്റെ കാൽച്ചുവട്ടിൽ ഒരു പുഷ്പദലം അർപ്പിക്കാൻ പോലും അവസരം തന്നില്ലല്ലോ!

അവസാനം, സഞ്ചയനത്തിന് അനന്തി രവൻ മനോജിന്റെ വീട്ടിൽ ഞാനും, രവിശങ്കറും എത്തിയപ്പോൾ നീചിരിച്ചു കൊണ്ടാണല്ലോ ഞങ്ങളെ സ്വീകരിച്ചത്; ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞിരുന്നെങ്കിലും ആ ഫോട്ടോയുടെ മുന്നിൽ രണ്ടു തുള്ളി കണ്ണുനീരും ഒരു പുഷ്പദലവും അർപ്പിക്കാനെ ഞങ്ങൾക്കു സാധിച്ചൊള്ളു. മനോജിനോടു വിട പറയു മ്പോൾ എന്തൊരു നഷ്ടബോധമായിരുന്നു; നികത്താനാവാത്ത വേർപാട്. ഭംഗിവാക്കു പറയുന്നതല്ലെന്ന് നിനക്കറിയാമല്ലോ!

❋

# Report on the inaugural function of State Level Seminar Series conducted at Kollam on 31-3-2012

The Hon'ble Speaker of the Kerala Legislative Assembly Sri G Karthikeyan has said in the inaugural speech in the inaugural session said that the attitude of Kerala society in social matters was surprising. He called for a radical change in the attitude of the citizens the State towards development projects. He said India as a whole was facing acute electricity crisis.

The State President of the association Er E.Mohammed Shereef , in his presidential address, has called for public movements to aid adding of infrastructure for growth in the state. Any dampness in growth in power sector would seriously affect the economic growth of the state, he said.

General Secretary Er N T Job explained the grim power situation in the state and that energy conservation initiatives from the students and others can help the situation to a large extent. He said that the association will come forward with more activities with a social commitment

The former Member (Generation), KSEB , Er K Radhakrishnan in his keynote address said that the call for energy conservation became meaningless when high potential water capable of producing Electricity worth Rs 700 crores or more was allowed to make flood damages and to flow to sea every year, for sake of fancy thoughts or ill motives of a few environmentalists.

The former General Secretary of the association Er S K Yesodharan severely criticized the withdrawal of the emergency mobile squad system operated in important cities and towns of Kerala under the Trouble Call Management System. It was very useful to the public and attracted appreciation al the circles.

The Director of the Center for Excellence in Engineering and Business Administration (CEEBA), Er G S Ajikumar called for more customer friendly attitude to be inculcated to KSEB procedures and operation before switching over to company form. He advocated more caution while making any reforms in the very sensitive power sector.

The State Organising Secretary of the Association, Er Edwin Callistus congratulated the Kollam Unit for the successful conduct of the event

Head of the Department of Electronics and Electrical Engineering, TKM Institute of Technology, Ezhukone, Prof. Mohamed Kassim, Former Chairman of the association Er K N Chandrasekhara Kurupu, District Chairman of the Association Er. S Rajendran, Vice Chairman Er. V K Mani, Secretary Er B Rajendran, etc spoke.

Eleven teams from Kannur to Thiruvananthapuram participated in the seminar. Er J Sudhakaran Nair was the moderator. He expressed his appreciation of the efforts put in by the participants to gather knowledge, to apply their mind and to present them elegantly.



*Er Nagaraja Bhat,Er Umesan V V and Er Surendra P of Kasaragod Unit submitting a Memorandum to Sri.K.C.Venugopal Hon'ble Central Minster to State regarding the proposal for 220kV line from Puthur in Karnataka to Mylatty in Kerala*



*Sri. N.M. Nellikunnel, Kasaragod MLA, inaugurating the Eye donation programme of Kasargod organized under the leadership of Er. Jayakrishnan, Jt. Secretary (N) - Ben.Fund & Er. Nagaraj Bhat (Vice President) of KSEBEA.*




*Sri G. Karthikeyan, Hon'ble Speaker of Kerala Legislative Assembly inaugurating the State level Seminar Series on 31-3-2012 at Kollam,*



*Audience in the inaugural function of the State level Seminar Series conducted on 31-3-2012 at Kollam*

April 2012 *Monthly Journal* Price ₹ 5

**KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION**
**ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001**
**PHONE. 0471-2330696, FAX : 0471-2330853**




**Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in**
**at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com**

**For private circulation only**